**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - ഗുരുവായൂർ സത്യഗ്രഹ സ്മാരക മന്ദിര നിർമ്മാണം - കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സംഭാവന - യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (എഫ്.എം) വകുപ്പ്**

സ.ഉ.(സാധാ.) നം. 401/2017/ത.സ്വ.ഭ.വ. തിരുവനന്തപുരം, തീയതി: 13/02/2017

പരാമർശം:- കെ. മാധവൻ ഫൗണ്ടേഷൻ ജനറൽ സെക്രട്ടറിയുടെ 01/11/2016 ലെ കത്ത്.

**ഉത്തരവ്**

കെ. മാധവൻ ഫൗണ്ടേഷൻ കാഞ്ഞങ്ങാട് ആരംഭിക്കുന്ന ഗുരുവായൂർ സത്യഗ്ര സ്മാരക മന്ദിരത്തിന്റെ നിർമ്മാണത്തിനായി കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവയിൽ നിന്നും സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകണമെന്നാണ് പരാമർശ കത്ത് പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നത്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കെ. മാധവൻ ഫൗണ്ടേഷന്റെ ആസ്ഥാന മന്ദിരമായി കാഞ്ഞങ്ങാട് നിർമ്മിക്കുന്ന ഗുരുവായൂർ സത്യഗ്രഹ സ്മാരക മന്ദിരത്തിന്റെ നിർമ്മാണ ചെലവുകൾക്കായി കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ ജില്ലാ പഞ്ചായത്തുകൾ, കോർപ്പറേഷനുകൾ 2 ലക്ഷം (രണ്ട് ലക്ഷം) രൂപ വീതവും മുനിസിപ്പാലിറ്റികൾ 25000/- (ഇരുപത്തി അയ്യായിരം) രൂപ വീതവും ഗ്രാമപഞ്ചായത്തുകൾ 15000/- (പതിനയ്യായിരം) രൂപ വീതവും തനത് ഫണ്ടിൽ നിന്ന് സംഭാവന നൽകുന്നതിന് യഥേഷ്ടാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,)
എസ്.ഡി.സുനിൽകുമാർ
ഡെപ്യൂട്ടി സെക്രട്ടറി.

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കണ്ണൂർ., കാസർഗോഡ്.
പ്രസിഡന്റ്/സെക്രട്ടറി, കെ. മാധവൻ ഫൗണ്ടേഷൻ, പി. സ്മാരക മന്ദിരം, DHSS റോഡ്, കാഞ്ഞങ്ങാട് - 671 315
ഡയറക്ടർ സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എൽ.ബി.എ &എ) കേരള, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ചെയർമാൻ & ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശസ്വയംഭരണ വകുപ്പ് വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

Liya

സെക്ഷൻ ഓഫീസർ.

പകർപ്പ് : ബഹു. റവന്യൂ വകുപ്പ് മന്ത്രിയുടെ പി.എസ്സ് ന്